# പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.14 10.06.2013 ന് മറുപടിയ്ക്ക്.

## പരിസ്ഥിതി സംവേദക മേഖലകൾ

**ചോദ്യം**

ശ്രീ. ഇ.ചന്ദ്രശേഖരൻ
ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീ.ഇ.കെ.വിജയൻ
ശ്രീ.മുല്ലക്കര രത്നാകരൻ

(എ) പരിസ്ഥിതി സംവേദക മേഖലകളെ സംബന്ധിച്ച് സുപ്രീം കോടതി നിർദ്ദേശമനുസരിച്ച് സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ ശുപാർശകൾ എന്തെല്ലാമാണ് ;

(ബി) ഈ സമിതി, ഏതെങ്കിലും പരിസ്ഥിതി സംവേദക മേഖലകളുടെ അതിർത്തി നിർണ്ണയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) വനഭൂമി കൈയ്യടക്കി വച്ചിരിക്കുന്നവരിൽ നിന്നും അതേറ്റെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

ശ്രീ.ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

**(എ)യും (ബി)യും )സി)യും -**
സുപ്രീം കോടതി ഈ കാര്യത്തിൽ വിദഗ്ദ്ധ സമിതി രൂപീകരിക്കുവാൻ സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ചിട്ടില്ല.

**(ഡി)** വനഭൂമി കൈയടക്കി വച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെടുമ്പോൾതന്നെ ഒഴിപ്പിക്കാനുള്ള നടപടികളാണ് കൈക്കൊള്ളുന്നത്. ചില സന്ദർഭങ്ങളിൽ സംഘടിതമായ ചെറുത്തു നിൽപ്പും ക്രമസമാധാന പ്രശ്നവും കണക്കിലെടുത്ത് ഒഴിപ്പിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. അത്തരം സന്ദർഭങ്ങളിൽ ചർച്ചയിലൂടേയും കൈയേറ്റഭൂമിയിൽ നിന്നും മാറി നിൽക്കുവാൻ പ്രേരിപ്പിച്ചും വനഭൂമി കൈയേറ്റ വിമുക്തമാക്കു-കയാണ് പതിവ്. മുൻകാലങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ മുഖേന 01.01.1977-നു ശേഷമുള്ളവയാണെന്ന് ബോദ്ധ്യപ്പെട്ട ഉദ്ദേശം 4400 ഹെക്ടറോളം വരുന്ന സ്ഥലങ്ങളിലെ കൈയേറ്റം ഇനിയും ഒഴിപ്പിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ.